# പതിനാറാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

## ബുള്ളറ്റിൻ ഭാഗം – II

2026 മേയ് 29

**നമ്പർ : 10**

**<u>പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി, എസ്റ്റിമേറ്റ്സ് കമ്മിറ്റി, പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച കമ്മിറ്റി, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി എന്നിവയിലേയ്ക്കുള്ള അംഗങ്ങളുടെ തിരഞ്ഞെടുപ്പ് – സംബന്ധിച്ച്</u>**

മേൽ സൂചിപ്പിച്ച നാല് ധനകാര്യ കമ്മിറ്റികളിലേയ്ക്കും അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിനുവേണ്ടി നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനും അവയുടെ സൂക്ഷ്മ പരിശോധനയ്ക്കും പത്രിക പിൻവലിക്കുന്നതിനും തിരഞ്ഞെടുപ്പിനും ഉള്ള തീയതിയും സമയക്രമവും താഴെപ്പറയും പ്രകാരം നിശ്ചയിച്ചിരിക്കുന്നു. ഓരോ കമ്മിറ്റിയുടേയും അംഗസംഖ്യ പതിനൊന്ന് ആണ്.

| | |
|---|---|
| സെക്രട്ടറി മുമ്പാകെ നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനുള്ള അവസാന തീയതിയും സമയവും | 2026 ജൂൺ 19, വെള്ളിയാഴ്ച, ഉച്ചയ്ക്കുശേഷം 3 മണിവരെ |
| നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന | 2026 ജൂൺ 20, ശനിയാഴ്ച, രാവിലെ 11 മണിക്ക് |
| നാമനിർദ്ദേശ പത്രിക പിൻവലിക്കുന്നതിനുള്ള അവസാന തീയതിയും സമയവും | 2026 ജൂൺ 22, തിങ്കളാഴ്ച, ഉച്ചയ്ക്ക് ശേഷം 3.00 മണി വരെ |
| വോട്ടെടുപ്പ് ആവശ്യമായി വരികയാണെങ്കിൽ നടത്തുന്ന തീയതിയും സമയവും | 2026 ജൂൺ 24, ബുധനാഴ്ച, രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് ശേഷം 1.30 വരെ |

വോട്ടെടുപ്പ് ആവശ്യമായി വരികയാണെങ്കിൽ ആനുപാതിക പ്രാതിനിധ്യ തത്വം അനുസരിച്ച് കൈമാറ്റം ചെയ്യാവുന്ന ഒറ്റ വോട്ട് മുഖേന നിയമസഭാ മന്ദിരത്തിലുള്ള മെമ്പേഴ്സ് ലോഞ്ചിൽ വച്ച് വോട്ടെടുപ്പ് നടത്തുന്നതാണ്.

**ഷാജി സി. ബേബി,**
**സെക്രട്ടറി-ഇൻ-ചാർജ്.**